കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് -- സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ എം.എസ്. ബിജുക്കുട്ടന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1781 /2019/തസ്വഭവ തിരുവനന്തപുരം, തീയതി 17-08-2019

---

പരാമർശം 1 )സ ഉ (എം എസ് )നം- 110/2000/തസ്വഭവ നമ്പർ ഉത്തരവ്, തീയതി 19/04/2000
2)സ ഉ (സാധാ) നം 2080/2017/തസ്വഭവ നമ്പർ ഉത്തരവ്, തീയതി 21/06/2017
3) സ ഉ (സാധാ) നം -4777/2019/പൊഭവ നമ്പർ ഉത്തരവ്, തീയതി 13/8/2019

**ഉത്തരവ്**

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, വകുപ്പ് 3(2) സെക്ഷൻ പ്രകാരം സംസ്ഥാന പെർഫോർമൻസ് അതോറിറ്റിയെ സഹായിക്കുന്നതിന് ഒരു സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ നിയമിക്കേണ്ടതാണ്. പരാമർശം (1) ഉത്തരവ് പ്രകാരം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിശ്ചിത ഇടവേളകളിൽ നടത്തിവരുന്ന പെർഫോർമൻസ് ഓഡിറ്റ് സംവിധാനത്തിന്റെ മേൽനോട്ട ചുമതലയാണ് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറിൽ നിക്ഷിപ്തമായിട്ടുള്ളത്.

2) ഇന്ത്യൻ ഓഡിറ്റ് & അക്കൗണ്ട്സ് സർവീസിലുള്ള ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ആണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറായി നിയമിക്കേണ്ടത്. എന്നാൽ പ്രസ്തുത റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായിരുന്ന

Scanned by CamScanner

ശ്രീമതി മിനിമോൾ എബ്രഹാമിനെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. എന്നാൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം ശ്രീമതി മിനിമോൾ എബ്രഹാമിനെ സ്ഥലം മാറ്റിയ ഒഴിവിൽ ശ്രീ എം.എസ് ബിജുക്കുട്ടൻ, അഡീഷണൽ സെക്രട്ടറിയെ നിയമിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ പൂർണ്ണ അധികച്ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ എം.എസ് ബിജുക്കുട്ടന് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടി കെ ജോസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ എം എസ് ബിജുക്കുട്ടൻ, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരളം ,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ& ഇ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ് എസ് എ),കേരളം ,തിരുവനന്തപുരം.
സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മേഖല പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കോഴിക്കോട്, കൊച്ചി, കൊല്ലം
മേഖല നഗര കാര്യ വകുപ്പ് ജോയിന്റ് ഡയറ്കടർ (പെർഫോമൻസ് ഓഡിറ്റ് ), കോഴിക്കോട്, കൊച്ചി, കൊല്ലം
എല്ലാ അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർമാർക്കും (പെർഫോമൻസ് ഓഡിറ്റ്)
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും (പെർഫോമൻസ് ഓഡിറ്റ്)
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക് , ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.തിരുവനന്തപുരം.(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(എസി2/58/2019)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner